**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **27-02-2023 - ൽ മറുപടിയ്ക്ക്**

**എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയുടെ ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ; | (എ) | **ഭരണാനുമതി തുക 115 ലക്ഷം രൂപയാണ്** |
| (ബി) | എന്നാണ് ഭരണാനുമതി നൽകിയതെന്നും സാങ്കേതികാനുമതി നൽകിയതെന്നും ടെണ്ടർ നടപടി പൂർത്തീകരിച്ചതെന്നും അറിയിക്കാമോ; | (ബി) | **ഭരണാനുമതി തീയതി 31.03.2017, സാങ്കേതികാനുമതി തീയതി 11.05.2018, ടെണ്ടർ നടപടി പൂർത്തീകരിച്ചത് 23.06.2018 (സെലക്ഷൻ നോട്ടീസ്) തീയതിയിലുമാണ്.** |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും അത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (സി) | 22.01.2020 ലാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്. പ്രവൃത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം അറിയിക്കാമോ; | (ഡി) | കോവിഡ് കാലത്ത് തൊഴിലാളികളുടെ ലഭ്യത കുറവ് കാലതാമസത്തിനൊരു കാരണമായിരുന്നു. തുടർന്ന് കരാറുകാരൻ സാമ്പത്തിക ബുദ്ധിമുട്ടിലാണെന്ന കാരണം പറഞ്ഞ് കുറച്ചുനാൾ പ്രവൃത്തി നിർത്തിവെച്ചിരുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതിയും പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (ഇ) | ഇപ്പോൾ പ്രവൃത്തിയുടെ 95% പൂർത്തിയായിട്ടുണ്ട്. മാർച്ച് 15-നകം പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കുമെന്ന് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ